"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ , തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ പി.ജി. വിദ്യാർത്ഥിനികളായ ഡോ. നിഫിന നവഷാദ്, ഡോ. നീനു കെ.എസ്. എന്നിവർക്ക് ഹരിയാനയിൽ ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.143/2025/AYUSH തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 14.03.2025 ലെ ജി3/99/2025/ഡിഎംഇ നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ ശാലാക്യതന്ത്ര വിഭാഗം രണ്ടാം വർഷ പി.ജി. വിദ്യാർത്ഥിനിയായ ഡോ. നിഫിന നവഷാദ്, തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ രസശാസ്ത്ര & ഭൈഷജ്യകൽപ്പന വിഭാഗം രണ്ടാം വർഷ പി.ജി. വിദ്യാർത്ഥിനിയായ ഡോ. നീനു കെ.എസ്. എന്നിവർക്ക് ഹരിയാന പബ്ലിക് സർവ്വീസ് കമ്മീഷൻ (എച്ച്.പി.എസ്.സി.) പരസ്യ നമ്പർ 16/2024 പ്രകാരം ആയുർവേദ മെഡിക്കൽ ഓഫീസറായി നിയമന ഉത്തരവ് ലഭിച്ചതിനാൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ടി വിദ്യാർത്ഥിനികളെ പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട പി.ജി. പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായും ഡോ. നിഫിന നവഷാദും , ഡോ. നീനു കെ.എസ്സും സമർപ്പിച്ചിട്ടുള്ള ബോണ്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിലും, കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ ശാലാക്യതന്ത്ര വിഭാഗം രണ്ടാം വർഷ പി.ജി. വിദ്യാർത്ഥിനിയായ ഡോ. നിഫിന നവഷാദിനെയും തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ രസശാസ്ത്ര & ഭൈഷജ്യകൽപ്പന വിഭാഗം രണ്ടാം വർഷ പി.ജി. വിദ്യാർത്ഥിനിയായ ഡോ. നീനു കെ.എസ്സിനെയും ഹരിയാന പബ്ലിക് സർവ്വീസ് കമ്മീഷൻ (എച്ച്.പി.എസ്.സി.) മുഖേന നിയമനം ലഭിച്ച ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SAMEER KUMAR O J

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ ,ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ ,ഗവ.ആയുർവേദ കോളേജ് , കണ്ണൂർ / തൃപ്പൂണിത്തുറ (DAME മുഖേന)

ഡോ. നിഫിന നവഷാദ്, രണ്ടാം വർഷം പി.ജി. ശാലാക്യതന്ത്ര വിഭാഗം , ഗവ. ആയുർവേദ കോളേജ് , കണ്ണൂർ (DAME മുഖേന)
ഡോ. നീനു കെ.എസ്., രണ്ടാം വർഷം പി.ജി. രസശാസ്ത്ര & ഭൈഷജ്യകൽപ്പന വിഭാഗം , ഗവ. ആയുർവേദ കോളേജ് , തൃപ്പൂണിത്തുറ  (DAME മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) ,കേരള ,തിരുവനന്തപുരം
ഡയറക്ടർ ,വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 15-03-2025 16:17:51